StudentBounty.com

3503

Register Number

# Language — Part I — MALAYALAM — Paper I

## ( Poetry and Grammar )

Time Allowed : 3 Hours ] [ Maximum Marks : 100

I. നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അഞ്ചു വരിയിൽ കവിയരുത് : $4 \times 2 = 8$

1) സുഗതകുമാരിയെപ്പറ്റി എന്തറിയാം ?

2) എഴുത്തച്ഛന്റെ മലയാളഭാഷാ സേവനത്തെ വിലയിരുത്തുക.

3) വൈലോപ്പിള്ളിയെ പരിചയപ്പെടുക.

4) എങ്ങനെയുള്ള കവിയാണ് കടമ്മനിട്ട ?

5) ബാലാമണിയമ്മയുടെ മതൃത്വത്തെപ്പറ്റി എഴുതുക.

6) എൻ.വി. കൃഷ്ണവാരിയരുടെ വ്യക്തിത്വത്തെപ്പറ്റി എഴുതുക.

II. മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക : $3 \times 4 = 12$

7) ഈശ്വരൻമാരെന്തു വിചാരലേശം കൂടാതെ അതി -
നീച യോഗ്യമാരംഭിച്ചതാചാരമിപ്പോൾ
രാജപുത്രി ഞാനിന്നൊരു രാജഭാര്യയെ -
ന്നാശയേ ധരിപ്പതിനെന്തു ക്ലേശം ദേവാനാം ?

8) ആ വരവിങ്കലുണർന്നു ചിരിപ്പൂ
പൂവുകൾ ! - ഞങ്ങടെ സാക്ഷികളത്രേ
പൂവുകൾ ! പോവുക നാമെതിരേൽക്കുക
നമ്മളൊരുക്കുക നാളെയൊരോണം !

9) എന്തിനീയാൾത്തിക്കിന്റെ നടുവിൽതന്നെനിർത്തു -
ന്നെന്തിനീത്തീയും ശബ്ദഘോഷവുമിരമ്പവും !
എന്തിനായ് ? ആനയ്ക്കൊന്നും മനസ്സിലാകുന്നീല !
നൊമ്പരം മാത്രം, ക്ഷീണം മാത്രം, ഹാ ! ഭയം മാത്രം !

10) ഉച്ചയ്ക്കു കുട്ടികൾ ഞെട്ടിത്തളരാത്ത
വിദ്യാലയങ്ങളുടെ നാടെവിടെ മക്കളേ ?
കള്ളനാക്കില്ലാത്ത കൊള്ളിവാക്കില്ലാത്ത
കള്ളപ്പറയില്ലാത്ത നാടെവിടെ മക്കളേ ?

[ Turn over

www.StudentBounty.com
Homework Help & Pastpapers

StudentBounty.com



11) ഒന്നും നശിക്കുന്നീലെന്നു മനുഷ്യനി -
ലെന്നുണ്ടറിയുന്നൂ നിൻ മുത്തശ്ശി
ഇമ്മുതുഹൃത്തിലുണ്ടൊട്ടേറെ സ്സമ്പത്തു
നിൻ മുദുകൈകൾക്കും വാരിച്ചിന്നാൻ !

III. മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്ത് വരിയിൽ കവിയരുത് : $3 \times 4 = 12$

12) കാട്ടാളന് വിരക്തി തോന്നാനുണ്ടായ സാഹചര്യമെന്ത് ?

13) ക്രിസ്തുദേവൻ എങ്ങനെയാണ് ഉണ്ണാനിരുന്നത് ?

14) കുഞ്ഞിനെ മാറോടണച്ചപ്പോൾ മുത്തശ്ശിയുടെ മനസ്സിൽ ഉണർന്ന വികാരമെന്തായിരുന്നു ?

15) കവിയുടെ ഒന്നാമത്തെ വീട് എങ്ങനെയുള്ളതായിരുന്നു ?

16) കവി അനുസ്മരിക്കുന്ന നാടിന്റെ നഷ്ടപ്പെട്ടുപോയ സുന്ദര ദൃശ്യങ്ങൾ എന്തെല്ലാമാണ് ?

IV. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഓരോ പുറത്തിൽ കവിയരുത് : $2 \times 10 = 20$

17) സഫലമീയാത്ര എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാകുക.

18) ആന അനുഭവിക്കുന്ന ദുഃഖങ്ങൾ വിവരിക്കുക.

19) കലങ്ങുന്ന നദിയെ കവി എങ്ങനെയെല്ലാമാണ് ചിത്രീകരിക്കുന്നത് ?

20) ഓണപ്പാട്ടുകാർ എന്തിനുവേണ്ടിയാണ് പാടുന്നത് ?

21) നളനും ദൂതനുമായുള്ള സംഭാഷണം സംഗ്രഹിക്കുക.

V. താഴെ കൊടുത്തിട്ടുള്ള പദ്യഭാഗങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക : $2 \times 4 = 8$

22) സ്വാദുക്കളാകിയ ഭോജ്യങ്ങളോരോന്നും
സാധുക്കൾ പാചകന്മാർ വിളമ്പീ
പച്ച വെള്ളത്തിനെ മുന്തിരിച്ചാറാക്കി
വെച്ച ഭഗവാനു ഭക്ഷിപ്പാനായ്.

i) പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കിയ ഭഗവാൻ ആര് ?

ii) ഭോജ്യങ്ങൾ വിളമ്പിയത് ആരാണ് ?

iii) ഈ വരികൾ ആരെഴുതിയതാണ് ?

iv) ഈ വരികൾ ഏതു കവിതയിലുൾപ്പെടുന്നു ?

www.StudentBounty.com
Homework Help & Pastpapers

StudentBounty.com



23) നന്ദനോദ്യാനങ്ങൾ വേണ്ട
അമൃതകുംഭമെനിക്കു വേണ്ട
വേണ്ടതെന്റെ ധരിത്രി മാത്രം
ധാത്രി പകരും കരുണ മാത്രം.

i) കവിക്ക് വേണ്ടാത്തതെന്ത് ?
ii) വേണ്ടതെന്ത് ?
iii) ഈ വരികൾ ആരെഴുതിയതാണ് ?
iv) ഈ വരികൾ ഏത് കവിതയിലേതാണ് ?

24) എങ്കിലുമെൻ ജീവിതം തളിരിട്ടതാ വീട്ടിൽ
അങ്ങിരുന്നദ്ധ്വാനിച്ചേൻ, പഠിച്ചേൻ, ആഹ്ലാദിച്ചേൻ
വന്ദ്യരാമതിഥിമാരാ വീട്ടിൽ പ്പാദസ്പർശ
ധന്യത ചേർത്താർ ; അങ്ങു പിറന്നാരെൻ കുട്ടികൾ.

i) ജീവിതം തളിരിട്ട ആ വീട് ഏതാണ് ?
ii) പാദസ്പർശത്താൽ ആ വീടിന് ധന്യത ചേർത്തവർ ആരാണ് ?
iii) ഏതു കവിതയിലെ വരികളാണിവ ?
iv) ആരാണ് ഈ കവിത രചിച്ചത് ?

VI. പദ്യഭാഗം പൂരിപ്പിക്കുക : 1 × 8 = 8

25) നിങ്ങളെച്ചൊല്ലി ഞാൻ .................... ഭുജിക്കെന്നോ.

*അല്ലെങ്കിൽ*

26) കാൽകൾ പിമ്പോട്ടുമടക്കി ........................ ഭക്ഷിപ്പാനായ്.

VII. 27) രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക : 2 × 3 = 6

i) കാകളി
ii) മഞ്ജരി
iii) വസന്തതിലകം
iv) മന്ദാക്രാന്ത

28) രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക : 2 × 3 = 6

i) ഉപമ
ii) ദീപകം
iii) യമകം
iv) വിരോധാഭാസം

VIII. 29) യോജിച്ചവ ചേർത്തെഴുതുക : 1 × 4 = 4

i) ആന — a) എഴുത്തച്ഛൻ
ii) ഓണപ്പാട്ടുകാർ — b) ബാലാമണിയമ്മ
iii) നദിയൊഴുകുന്നു — c) സുഗതകുമാരി
iv) മുത്തശ്ശി — d) കടമ്മനിട്ട
e) വൈലോപ്പിള്ളി

[ Turn over

www.StudentBounty.com
Homework Help & Pastpapers

IX. ശരിയായ ഉത്തരം എടുത്തെഴുതുക : 8 × 1 = 8

30) വല്മീകത്തിൽ നിന്നുണ്ടായ മഹാത്മാവ്

a) ഭാസൻ b) വാല്മീകി c) വ്യാസൻ

31) നടയാനേ, നീ കൊഞ്ചുന്നോ ? വൈകീനേരം!" - ഇതു പറഞ്ഞത്

a) ആൾക്കാർ b) തിരുമേനി c) പാപ്പാൻ

32) ഗലേലജില്ലയ്ക്ക് ഒരു തൂമുത്തു മാലയായ് മിന്നിയ പട്ടണം

a) കാഞ്ചീപുരം b) നെയിൻ c) മെക്ക

33) കുഞ്ഞ് എന്താണ് മുത്തശ്ശിയിൽ വീണ്ടും ഉദിപ്പിച്ചത് ?

a) ലോകോത്തരാനന്ദം b) ഔൽസുക്യം c) നിലാവല

34) ഓണത്തിന്റെ വരവിൽ ആരാണ് ഉണർന്ന് ചിരിക്കുന്നത് ?

a) പൂവുകൾ b) മരങ്ങൾ c) നക്ഷത്രങ്ങൾ

35) ആതിര വരുന്നത് ഏത് മാസത്തിലാണ് ?

a) ധനുമാസം b) മകരമാസം c) കുംഭമാസം

36) മന്ത്രവും തന്ത്രവും കൊണ്ട് അധികാരം കയ്യടക്കുന്നത് ആരാണ് ?

a) ജ്യോത്സ്യന്മാർ b) മന്ത്രിമാർ c) ഉദ്യോഗസ്ഥർ

37) നദി ഒഴുകുമ്പോൾ സ്വർഗ്ഗമാകുന്നത്

a) ആകാശം b) വസുന്ധര c) നരകം

X. ഒറ്റവാക്കിൽ ഉത്തരമെഴുതുക : 8 × 1 = 8

38) പത്തിരിക്കറികൂട്ടി മണവാട്ടി നുണയുമ്പോൾ എന്താണ് പാടുന്നത് ?

39) സഫലമീയാത്ര എന്ന കവിത ഏത് സമാഹാരത്തിൽനിന്നാണ് ?

40) ആരാണ് പച്ചക്കാടിന്റെ കിടാവ് ?

41) എന്താണ് കരാളരൂപിണിയായി കലമ്പുന്നത് ?

42) സുഗന്ധദ്രവ്യത്തിന്റെ പരിമളമുള്ള നാടേത് ?

43) അഗ്നിദേവന്റെ ഭാര്യയുടെ പേരെന്താണ് ?

44) മുററത്ത് തണൽനീർത്തി സ്വർണ്ണാശോകം ഉള്ളത് എവിടെയാണ് ?

45) വാല്മീകിയുടെ ആത്മകഥ എന്നഭാഗം രാമായണത്തിലെ ഏത് കാണ്ഡത്തിൽ നിന്നെടുത്തതാണ് ?

StudentBounty.com

www.StudentBounty.com
Homework Help & Pastpapers